**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1119** **11-02-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മൽസ്യോൽപാദനം വർദ്ധിപ്പിക്കാൻ "അഡാക് "**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,**<br>**ശ്രീമതി കാനത്തിൽ ജമീല,**<br>**ശ്രീ. കെ.കെ. രാമചന്ദ്രൻ,**<br>**ശ്രീ. പി.വി. ശ്രീനിജിൻ** | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** |

(എ) ഉൾനാടൻ മത്സ്യ കൃഷിയിലൂടെ സംസ്ഥാനത്തെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സ്ഥാപിതമായ ജലകൃഷി വികസന ഏജൻസി (അഡാക്)-യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(എ) അഡാക്കിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ അക്വാകൾച്ചർ പ്രവർത്തനങ്ങളുടെ വികസനത്തിനായി ഫിഷറീസ് വകുപ്പിന് കീഴിൽ 1989-ൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്ന ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (ADAK) കഴിഞ്ഞ വർഷത്തിൽ ലാഭം കൈവരിച്ചു. 2023-24 സാമ്പത്തിക വർഷം 4,31,72,919.23 രൂപയുടെ അറ്റാദായം നേടി. ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായ വനാമി ചെമ്മീൻ കൃഷിയിലൂടെയും വിവിധ ഹാച്ചറികളിലെ കരിമീൻ ഉൾപ്പെടെയുള്ള മത്സ്യവിത്തുകളുടെ ഉൽപാദനത്തിലൂടെയും കൈവരിച്ച നേട്ടമാണ് അഡാക്-നെ ലാഭത്തിലാക്കാൻ സഹായിച്ചത്. 2012 മുതലുള്ള അഡാക്-ന്റെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. മത്സ്യത്തിന്റെയും മത്സ്യകുഞ്ഞുങ്ങളുടെയും ഉത്പാദനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**മത്സ്യോല്പാദനം (ടൺ)**

| 2020-21 | 2021-22 | 2022-23 | 2023-24 | 2024 ഡിസംബർ വരെ |
|---|---|---|---|---|
| 34.407 | 27.19 | 36.26 | 50.20 | 50.28 |

**മത്സ്യ വിത്തുല്പാദനം (ലക്ഷം - എണ്ണത്തിൽ)**

| 2020-21 | 2021-22 | 2022-23 | 2023-24 | 2024 ഡിസംബർ വരെ |
|---|---|---|---|---|
| 147.28 | 216.06 | 372.82 | 434.30 | 217.00 |

അഡാക് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>1) റിസർവോയറുകളിലെ കൂട്ട കൃഷി:-</u>** പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി റിസർവോയറുകളിലെ കൂട്ടകൃഷി പദ്ധതി ഒന്നാം ഘട്ടത്തിൽ 2020-21 വർഷം പത്തനംതിട്ട ജില്ലയിലെ കക്കി,

| | | | |
|---|---|---|---|
| | | | കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമുഴി, വയനാട് ജില്ലയിലെ കാരാപ്പുഴ, ബാണാസുരസാഗർ എന്നീ 4 ജലസംഭരണികളിലും രണ്ടാം ഘട്ടത്തിൽ 2021-22 വർഷം തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, ഇടുക്കി ജില്ലയിലെ ഇടുക്കി, തൃശൂർ ജില്ലയിലെ പീച്ചി എന്നീ ജലസംഭരണികളിലും കൂട് കൃഷി പദ്ധതിക്കായി യഥാക്രമം 16 കോടി രൂപയുടെയും 10.8180 കോടി രൂപയുടെയും ഭരണാനുമതി നൽകി. മത്സ്യക്കൂടുകളിൽ നൈൽ തിലാപ്പിയ, കരിമീൻ, വരാൽ തുടങ്ങിയ ഇനങ്ങളിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ സംഭരിച്ചു പരിപാലിച്ചു വരുന്നു.<br><br>**<u>2) വനാമി ചെമ്മീൻ കൃഷി:</u>** ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി വനാമി ചെമ്മീൻ കൃഷി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 65.93 ഹെക്ടർ കൃഷി സ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കി 286.325 ടൺ ചെമ്മീൻ ഉൽപാദിപ്പിച്ചു. കൂടാതെ 2022-23 സാമ്പത്തിക വർഷത്തിൽ കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലായി തെരഞ്ഞെടുത്ത 97.31 ഹെക്ടർ ഫാമുകളിൽ ആരംഭിച്ച വനാമി ചെമ്മീൻ കൃഷിയിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ വിളവെടുപ്പ് പൂർത്തിയാക്കിയ 65.30 ഹെക്ടറിൽ നിന്നും 287.4 ടൺ ചെമ്മീൻ ഇതുവരെ ഉൽപാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന ഏതെല്ലാം ഫാമുകളും ഹാച്ചറികളുമാണ് അഡാകിന് കൈമാറിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന ചുവടെ പറയുന്ന ഹാച്ചറികൾ അഡാക്-ന് താൽക്കാലികമായി കൈമായിട്ടുണ്ട്<br><br>(1) ഫിഷ് സീഡ് ഫാം, കുളത്തുപ്പുഴ, കൊല്ലം.<br><br>(2) ഷ്രിംപ് ഹാച്ചറി, നീണ്ടകര, കൊല്ലം.<br><br>(3) ഫിഷ് സീഡ് ഫാം, പീച്ചി, തൃശ്ശൂർ.<br><br>(4) ഫിഷ് സീഡ് ഫാം, ഉള്ളനം, പരപ്പനങ്ങാടി, മലപ്പുറം<br><br>(5)ഫിഷ് സീഡ് ഫാം, കേരള റിസർവ്വോയർ പ്രൊജക്റ്റ്, കല്ലാനോട്,കോഴിക്കോട്. |
| (സി) | അഡാകിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കുമോ? | (സി) | അഡാകിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു.<br><br>(i) **<u>വനാമി ചെമ്മീൻ കൃഷി:-</u>** ഉയർന്ന സ്റ്റോക്കിംഗ് സാന്ദ്രതയ്ക്ക് അനുയോജ്യമായിട്ടുള്ള വനാമി ചെമ്മീനിന്റെ SPF ലാർവകളുടെ ലഭ്യത സംസ്ഥാനത്തിന്റെ അക്വാകൾച്ചർ പ്രവർത്തനങ്ങൾ വർധിപ്പിക്കുന്നതിന് വളരെയധികം സഹായകരമാണ്. ഇതിന്റെ ഭാഗമായി അഡാകിന്റെ നിയന്ത്രണത്തിലുള്ള ആയിരംതെങ്ങ് ഫാമിലെ 4 ഹെക്ടർ, പൊയ്യ ഫാമിലെ 10 ഹെക്ടർ, ഞാറയ്ക്കൽ ഫാമിലെ 0.6 ഹെക്ടർ, എരഞ്ഞോളി ഫാമിലെ 3 ഹെക്ടർ എന്നിങ്ങനെ വിസ്തീർണ്ണമുള്ള കുളങ്ങളിൽ വനാമി ചെമ്മീൻ കൃഷി കൂടുതൽ വ്യാപകമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി അടിസ്ഥാന സൗകര്യ വികസന ഇനത്തിൽ 5 കോടി രൂപയുടെയും, ആവർത്തന ചെലവ് ഇനത്തിൽ 4 കോടി രൂപയുടെയും ചെലവുകളാണ് വകയിരുത്തിയിരിക്കുന്നത്. ഇതിന് ആവശ്യമായ തുക അഡാകിന്റെ സ്വന്തം വരുമാനത്തിൽ നിന്നും, സമുദ്ര ഉൽപ്പന്ന |

| | | | |
|---|---|---|---|
| | | | കയറ്റുമതിക്കാരിൽ നിന്നും കരാർ ഫാമിംഗിന്റെ ഭാഗമായി ലഭിക്കുന്ന മുൻകൂർ തുകയിൽ നിന്നുമാണ് കണ്ടെത്തുന്നത്<br><br>**<u>(ii) കല്ലുമ്മേക്കായ കൃഷി-</u>** വേനൽക്കാലത്തെ ഉയർന്ന ലവണാംശവും, നല്ല നീരൊഴുക്കുമുള്ളതിനാൽ അഡാക്-ന്റെ നിയന്ത്രണത്തിലുള്ള ആയിരംതെങ്ങ്, ഇടക്കൊച്ചി, ഞാറയ്ക്കൽ, പൊയ്യ, കടപ്പുറം, എരഞ്ഞോളി എന്നീ യൂണിറ്റുകളിൽ കല്ലുമ്മേക്കായ കൃഷിക്ക് വളരെയേറെ സാധ്യതയുണ്ട്. ഇതിന്റെ ഭാഗമായി ഓരോ യൂണിറ്റിനും റാക്ക് ഫാബ്രിക്കേഷൻ ഇനത്തിൽ 50,000/- രൂപയും പ്രവർത്തന ചെലവിനത്തിൽ 90,000/- രൂപയും പ്രതീക്ഷിക്കുന്നു. ആയത് പ്രകാരം ഒരു യൂണിറ്റിൽ നിന്നും 6,60,000/- രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br><br>**<u>(iii) തദ്ദേശീയ മത്സ്യ ഇനങ്ങളുടെ വിത്തുല്പാദനം:-</u>** മത്സ്യകർഷകർക്ക് പ്രിയമേറിയതും, ഏറെ വികസന സാദ്ധ്യതകൾ ഉള്ളതുമായ കരിമീൻ, വരാൽ, അനാബാസ് മുതലായ തദ്ദേശീയ മത്സ്യ ഇനങ്ങളുടെ വിത്തുല്പാദനം അഡാക്-ന്റെ നിയന്ത്രണത്തിലുള്ള കുളത്തൂപ്പുഴ, പീച്ചി, ഉള്ളനം, കല്ലാനോട് എന്നീ ഹാച്ചറികളിൽ വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Agency for Development of Aquaculture, Kerala (ADAK)<br>**Income & Expenditure Account - yearwise** | | | |
|---|---|---|---|
| **F.Y 2011-12-to 2015-16** | | | |
| Year | **Revenue** | **Expenses** | Surplus/-Deficit |
| 2011-2012 | 6,31,37,409.00 | 7,80,93,988.39 | -1,49,56,S79.39 |
| 2012-2013 | 5,70,14,501.00 | 13,69,95,196.73 | -7,99,80,695.73 |
| 2013-2014 | 10,43,05,113.00 | 22,57,75,745.89 | -12,14,70,632.89 |
| 2014-2015 | 12,33,33,110.90 | 14,S2,48,712.00 | -2,19,15,601.10 |
| 2015-2016 | 10,22,28,437.00 | 12,S1,63,973.48 | -2,29,35,536.48 |
| Total | 45,00,18,570.90 | 71,12,77,616.49 | **-26,12,59,045.59** |
| **F.Y2016-17-to2020-21** | | | |
| 2016-2017 | 15,63,37,247.05 | 21,18,46,800.20 | -5,55,09,553.1S |
| 2017-2018 | 12,72,66,795.37 | 17,73,57,494.49 | -5,00,90,699.12 |
| 2018-2019 | 7,68,33,227.50 | 10,23,85,638.60 | -2,55,52,411.10 |
| 2019-2020 | 8,50,26,967.52 | 11,00,88,762.60 | -2,50,61,795.08 |
| 2020-2021 | 17,59,35,862.00 | 18,46,54,034.26 | -87,18,172.26 |
| Total | 62,14,00,099.44 | **78,63,32,730.15** | -16,49,32,630.71 |
| **F.Y2021-22-to2024-25** | | | |
| 2021-2022 | 6,62,57,538.67 | 14,80,75,486.00 | -8,18,17,947.33 |
| 2022-2023 | 3,66,44,217.00 | 6,47,64,780.48 | -2,81,20,563.48 |
| ,2023-2024 | 20,14,43,438.14 | 15,82,70,518.91 | +4,31,72,919.23 |